# SCHOOL DISASTER MANAGEMENT PLAN
# സ്കൂൾ ദുരന്തനിവാരണആസൂത്രണ രേഖ

## ST AUGUSTINE HSS KUTTANELLUR

THRISSUR CORPORATION
തൃശ്ശൂർ കോർപ്പറേഷൻ

THRISSUR
തൃശ്ശൂർ



Prepared by
School Disaster Management Committee



# ആമുഖം

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായി അറിയപ്പെടുന്ന നഗരമാണ് തൃശൂർ. പണ്ട് കൊച്ചി രാജവംശത്തിന്റെ കീഴിലായിരുന്ന ഈദേശം ചരിത്ര പാരമ്പര്യത്തിന്റെ കലകളുടെയെല്ലാം ചിറകിൽ സഞ്ചരിക്കുന്ന മനോഹരമായ ഒരു ദേശം. തൃശൂർപൂരമെന്ന മഹോത്സവത്തിന്റെ ഭംഗിയും, പുരാതന ആരാധനാലയങ്ങളാൽ ആത്മീയതയും നിറഞ്ഞതാണ് ഈ ഇടം . ഈ ജില്ല കേരളത്തിലെ സാംസ്കാരിക വൈഭവത്തിന്റെ പ്രതീകമാണ്.

തൃശൂർ നഗരപരിധിയിൽ തന്നെയുള്ള ശാന്തസുന്ദരമായ സ്ഥലമാണ് കുട്ടനെല്ലൂർ. കുട്ടനെല്ലൂരിന്റെ ഹൃദയഭാഗത്തിൽ പാരമ്പര്യത്തിന്റെ ആശയവും പുതുമയുടെ കാറ്റും ഒത്തിണങ്ങിയ സ്ഥലത്ത് ഈ വിദ്യാലയം നിലകൊള്ളുന്നു.

പ്രതിഭയെ വളർത്തുകയും സമാധാനപരമായ ഭാവി രൂപപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ എൺപതു വർഷങ്ങൾക്ക് മുന്നേ സ്ഥാപിതമായതാണീ വിദ്യാലയം.
ഇന്ന് ഈ വിദ്യാലയം നവചിന്തയുടേയും, സാങ്കേതികവിദ്യയുടേയും, സാംസ്കാരികമൂല്യത്തിൻറേയും, ഭൂതകാലഓർമകളുടേയും ചിറകിലേറി ഉയരങ്ങളിലേക്ക് കുതിച്ച്കൊണ്ടിരിക്കുന്നു. 1156കുട്ടികളും 36അധ്യാപകരും 5അനധ്യാപകരും അടങ്ങുന്ന ഈ വിദ്യാലയം കുട്ടികളുടെ ബുദ്ധിപൂർവ്വമായ വളർച്ച മാത്രമല്ല മുന്നിൽ കാണുന്നത് അവർക്ക് നല്ല വ്യക്തിത്വങ്ങളായി വളരാൻ വേണ്ട ആത്മവിശ്വാസവും കരുതലും നൽകുന്നു.ഈ വിദ്യാലയം പൈതൃകത്തിന്റെ പ്രതീകമായി കുട്ടനെല്ലൂരിന്റെ ഹൃദയത്തിൽ ഉറപ്പായി നിലകൊള്ളുന്നു
തൃശൂർ നഗരത്തിന്റെ അതിരിൽ ശാന്തതയും,ആത്മീയതയും നിറഞ്ഞൊരു നാട് കുട്ടനെല്ലൂർ .ഈ നാട് ഒരു സ്ഥലമല്ല ഒരനുഭവമാണ്. പ്രകൃതിയും,പാരമ്പര്യവും ഒത്തിണങ്ങിയ നാട്.ഇവിടെ ഓരോ വഴികളും പറയാനുള്ള കഥകളുമായി നിറഞ്ഞ് നിൽക്കുന്നു

# അടിസ്ഥാന വിവരങ്ങൾ

1. സ്കൂളിന്റെ പേര്, കോഡ് : സെന്റ് അഗസ്റ്റിൻ എച്ച്എസ്എസ് കുട്ടനല്ലൂർ
2. ഉപവിദ്യാഭ്യാസ ജില്ല : തൃശ്ശൂർ ഈസ്റ്റ്
3. വിലാസം : കുട്ടനല്ലൂർ p.o,തൃശ്ശൂർ 680014
4. ഹെഡ്മാസ്റ്ററുടെ പേര് : അന്ന ആനന്ദ് കെ
5. ദുരന്തനിവാരണത്തിന്റെ സ്കൂൾ സുരക്ഷയുടെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ പേര് : ടിനോജ് ടി ജെ
6. അധ്യാപക അനധ്യാപകരുടെ എണ്ണം :36,5
7. കുട്ടികളുടെ എണ്ണം :1156
8. സ്കൂൾ ബസ്ജീവനക്കാരുടെ എണ്ണം : 8
9. സ്കൂൾ ബസുകളുടെ എണ്ണം : നാല്
10. ക്ലാസ് മുറികളുടെ എണ്ണം :34
11. ലബോറട്ടറികളുടെ എണ്ണം : മൂന്ന്

# ദുരന്ത സാധ്യത അവലോകനം

സ്കൂളിലെയും സ്കൂൾ സ്ഥിതി ചെയ്യുന്ന ഭൂപ്രദേശത്തെയും ദുരന്ത സാധ്യതകളെ വിഭാഗത്തിലെ പറ്റിയുള്ള ചെറു വിവരണം.സ്കൂളിലോ സമീപപ്രദേശത്ത് മുൻകാലങ്ങളിൽ ഉണ്ടായ ദുരന്തങ്ങളെ കുറിച്ചുള്ള വിവരണം

വിദ്യാലയം നിലനിൽക്കുന്ന പ്രദേശത്ത് വളരെ അപൂർവമായി മാത്രമേ പ്രകൃതി ദുരന്തങ്ങൾ ഉണ്ടായിട്ടുള്ളൂ. ഏകദേശം 40 വർഷങ്ങൾക്കു മുൻപ് വലക്കാവിനടുത്ത് മത്തായിച്ചിറ എന്ന സ്ഥലത്ത് ശക്തമായ ഒരു ഉരുൾപൊട്ടൽ കാലവർഷകാലത്തു ഉണ്ടായി. ഏതാനും പേരുടെ ജീവനും വീടുകളും നഷ്ടപ്പെട്ടിരുന്നു. 2018 ലും19 ലും നടന്ന വെള്ളപ്പൊക്കത്തിൽ സ്കൂളിന്റെ സമീപപ്രദേശങ്ങളായ  മരത്തകര,പു ഴമ്പളം, ഇളംതുരുത്തി,മൂർക്കനിക്കര എന്നീ പ്രദേശങ്ങളിലെ വീടുകളെ സാരമായി ബാധിച്ചു. ഈ പ്രദേശത്തെ ബഹുഭൂരിഭാഗം കുട്ടികളും നമ്മുടെ വിദ്യാലയത്തിലാണ് പഠിക്കുന്നത്. 2018 ലെ വെള്ളപ്പൊക്കത്തിൽ വീട് നഷ്ടപ്പെട്ടവരിൽ ചിലർക്ക് വീടുവയ്ക്കാനുള്ള സഹായം നമ്മുടെ വിദ്യാലയം നൽകുകയുണ്ടായി.ഇപ്പോഴും നിർത്താതെ പെയ്യുന്ന മഴ അവരിൽ ആശങ്ക ഉണ്ടാക്കാറുണ്ട് പലപ്പോഴും മാറി താമസിക്കേണ്ടി വരുന്ന സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ ഈ വിദ്യാലയം അവർക്ക് വേണ്ട കരുതലായി മാറാറുണ്ട്.

| ദുരന്തം | JAN | FEB | MAR | APR | MAY | JUN | JUL |
|---|---|---|---|---|---|---|---|
| വെള്ളപ്പൊക്കം | | | | | | * | * |
| ശക്തമായ കാറ്റ് | | | | | | * | * |
| വരൾച്ച | | * | * | * | | | |

# സ്കൂളിലെ മാനുഷിക ബൗദ്ധിക വിഭവങ്ങളുടെ വിവരണം

## കെട്ടിടങ്ങളുടെ വിവരം

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പേര് | മുറികളുടെ എണ്ണം | ക്ലാസ് മുറികളുടെ എണ്ണം | മേൽക്കൂര | കെട്ടിടത്തിന്റെ പഴക്കം |
|---|---|---|---|---|---|
| 1 | | 48 | 36 | ഷീറ്റ് | 80വർഷം |
| | | | | | |

തുറസായ സ്ഥലങ്ങളുടെ വിവരം (വിവരണം, വിസ്തീർണ്ണം, സ്കൂളിന്റെ കെട്ടിടങ്ങളിൽ നിന്നുള്ള ദൂരം )

വിദ്യാലയത്തിന്റേതായ കളിസ്ഥലമാണ് 2.25 ഏക്കറിൽ പരന്നുകിടക്കുന്ന തുറസ്സായ സ്ഥലം. അത് സ്കൂൾ കെട്ടിടത്തിൽ നിന്നും 50 മീറ്റർ അകലെയാണ് സ്ഥിതി ചെയ്യുന്നത്.

## സ്കൂൾ ദുരന്തനിവാരണ സമിതി

| ക്രമനമ്പർ | പേര് | സ്ഥാനം | സമിതിയിലെ പദവി | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | അന്ന ആനന്ദ കെ | ഹെഡ്മിസ്ട്രസ് | അധ്യക്ഷൻ | 9387240337 |
| 2 | ശ്യാമള വേണുഗോപാൽ | സ്ഥലം കൗൺസിലർ | അംഗം | 889399233 |
| 3 | സജിത്ത് | പോലീസ് നോമിനി | അംഗം | 9446810156 |
| 4 | അനിൽകുമാർ | അഗ്നിശമനസേന നോമിനി | അംഗം | 7012690533 |
| 5 | ഗായത്രി ജിജീഷ് | എസ് പി സി സംഘടന അംഗമായ വിദ്യാർത്ഥി | അംഗം | 8129045541 |
| 6 | ഡെൻസി | ആരോഗ്യവകുപ്പിന്റെ പ്രതിനിധി | അംഗം | 9349991519 |
| 7 | ഷാജു സി എ | പിടി എ അധ്യക്ഷൻ | അംഗം | 9895903152 |
| 8 | ടീനോജ് ജോസ് ടി | അധ്യാപകൻ | അംഗം | 9567277420 |

# സുരക്ഷാ ഓഡിറ്റ് പ്രശ്നോത്തരി

## കെട്ടിടങ്ങൾ

1. സ്കൂൾ പരിസരത്ത് ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങൾ ഉണ്ടോ?
സ്കൂൾ പരിസരത്ത് ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങൾ ഇല്ല

2. സ്കൂളിന് എന്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ടോ. ഉണ്ടെങ്കിൽ വിദ്യാർഥികളുടെ ചലനം നിയന്ത്രിക്കുന്നതിന് നിർമ്മാണ മേഖലയ്ക്ക് ചുറ്റും ബാരിക്കേടുകളും സൈൻ ബോർഡുകളും സ്ഥാപിച്ചിട്ടുണ്ടോ?
സ്കൂളിൽ യാതൊരു തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും നിലവിൽ നടക്കുന്നില്ല

3. ഏതെങ്കിലും വാതിലുകളിൽ എന്തെങ്കിലും തടസ്സമുണ്ടോ ?
കെട്ടിടങ്ങളുടെ വാതിലുകൾ തടസ്സങ്ങൾ ഒന്നുമുള്ളവയല്ല. എല്ലാ വാതിലുകളും ഉള്ളിലേക്ക് തുറക്കാവുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

4. വഴുക്കൽ തടയുന്ന വസ്തുക്കൾ കൊണ്ടാണോ പടികൾ നിർമ്മിച്ചിരിക്കുന്നത്?
ക്ലാസ് റൂമുകളും മറ്റും ടൈൽസ് ഇട്ടിട്ടുള്ളതിനാൽ വഴുക്കുന്നതിനുള്ള സാധ്യത കൂടുതലാണ്.

5. കുട്ടികൾ വഴുതിവീഴുന്നത് തടയാൻ എല്ലാ ഹാൻഡ് റെയിലുകളും റാമ്പ് സപ്പോർട്ടും ശരിയായി രൂപകൽപ്പന ചെയ്തിട്ടുണ്ടോ?
കുട്ടികൾ വഴുതിവീഴുന്നത് തടയുന്നതിന് വേണ്ട റാമ്പുകളും ഹാൻഡ് റൈലുകളും യഥാസമയം ക്രമീകരിച്ചിട്ടുണ്ട്.

6. മേൽക്കൂരയിലേക്കുള്ള വാതിൽ ശരിയായി പൂട്ടി താക്കോലുകൾ സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ടോ?
മേൽക്കൂരയില്ലാത്ത ഒറ്റ നില കെട്ടിടമാണ് വിദ്യാലയത്തിൽ നിലവിലുള്ളത്.

7. ചുമരുകളിൽ മേൽക്കൂരകളിൽ തൂങ്ങിക്കിടക്കുന്ന സീലിംഗ് ടൈലുകളോ പ്ലാസ്റ്റർ ഉണ്ടോ?
അപകടകരമായ രീതിയിൽ തൂങ്ങിക്കിടക്കുന്ന യാതൊന്നും മേൽക്കൂരകളിൽ ഇല്ല.

8. മഴക്കാലത്ത് ചുമരുകൾ ഈർപ്പം ഉള്ളതാണോ?
കനത്ത മഴയിലും ഈർപ്പം ബാധിക്കാത്ത ചുവരുകളാണ് നിലവിലുള്ളത്.

9. ക്ലാസ് മുറികളിലെയും ഇടനാഴികളിലെയും ഇലക്ട്രിക്കൽ ഫിറ്റിങ്ങുകൾ ശരിയായി പ്രവർത്തിക്കുന്നുണ്ടോ അവ ശരിയായി സുരക്ഷിതമാക്കിയിട്ടുണ്ടോ?
വിദ്യാലയത്തിലെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ എല്ലാം തന്നെ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നതും സുരക്ഷിതമായി സജ്ജീകരിച്ചിട്ടുള്ളത് ആണ്.

10. വൈദ്യുതി ഷോക്കോ മറ്റേതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളോ ഉണ്ടായതായി ജീവനക്കാർ വിദ്യാർത്ഥികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?
ഇലക്ട്രിക് ഷോക്ക് മുതലായ അപകടങ്ങൾ യാതൊന്നും തന്നെ ഇതുവരെയും വിദ്യാലയത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

11. സ്കൂളിൽ ജനറേറ്ററോ ഇൻവർട്ടർ ഉണ്ടോ ഉണ്ടെങ്കിൽ അവ സുരക്ഷിതമാണോ?
വിദ്യാലയത്തിന് സ്വന്തമായി ജനറേറ്റർ സൗകര്യം ഉണ്ട്. അത് സുരക്ഷിതമായി പ്രവർത്തിക്കുന്നുണ്ട്.

12. ലബോറട്ടറിയിൽ കണ്ണ് കഴുകാനുള്ള സൗകര്യം ഉണ്ടോ?
ലബോറട്ടറിയിൽ കണ്ണുകഴുകുന്നതിനുള്ള സൗകര്യം ഇല്ല എന്നത് ഒരു ന്യൂനതയാണ്.

## സുരക്ഷ ഉപകരണങ്ങൾ

13. സ്കൂളിൽ അലാറം സിസ്റ്റം കേന്ദ്രീകൃത പൊതു അറിയിപ്പ് സംവിധാനം സ്ഥാപിച്ചിട്ടുണ്ടോ?
അപകട സാഹചര്യങ്ങളിൽ അലാറം സിസ്റ്റം നിലവിൽ ഇല്ലെങ്കിലും പൊതു കേന്ദ്രീകൃത അറിയിപ്പ് സംവിധാനം വിദ്യാലയത്തിൽ പ്രവർത്തിക്കുന്നുണ്ട്.

14. സ്കൂളിൽ സിസിടിവി സംവിധാനം സ്ഥാപിച്ചിട്ടുണ്ടോ?
വിദ്യാലയത്തിൽ ചില ഭാഗങ്ങളിൽ സിസിടിവി സുരക്ഷാസംവിധാനം ഒരുക്കിയിട്ടുണ്ട്.

15. ഫ്ലോറിവാക്കേഷൻ പ്ലാൻ ശരിയായി പ്രദർശിപ്പിച്ചിട്ടുണ്ടോ?
വിദ്യാലയത്തിൽ ഫ്ലോറിവാക്കേഷൻ പ്ലാൻ നിലവിലില്ല.

16. ഇടിമിന്നൽ രക്ഷാചാലകം ഉണ്ടോ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ?
വിദ്യാലയത്തിൽ ഇടിമിന്നൽ രക്ഷാചാലകവും നിലവിലില്ല

17. തീ അണക്കാനുള്ള സംവിധാനം ലഭ്യമാണോ ഉണ്ടെങ്കിൽ എത്ര എണ്ണം?
തീപിടുത്ത സാഹചര്യം വിജയകരമായി കൈകാര്യം ചെയ്യുന്നതിന് , തീ അണയ്ക്കുന്നതിനുള്ള സംവിധാനം ഒരെണ്ണം വിദ്യാലയത്തിൽ നിലവിലുണ്ട്.

18. സ്കൂളിൽ പ്രഥമ ശുശ്രൂഷ കിറ്റ് ലഭ്യമാണോ?
പെട്ടെന്നുള്ള അപകട സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രഥമ ശുശ്രൂഷ കിറ്റ് സൗകര്യം വിദ്യാലയത്തിൽ നിലവിലുണ്ട്.

## ഭക്ഷ്യസുരക്ഷ

19. സ്കൂളിൽ കിണർ ഉപയോഗിക്കുന്നുണ്ടെങ്കിൽ വെള്ളം ഫിൽട്ടർ ചെയ്യാൻ സംവിധാനമുണ്ടോ?
കുടിവെള്ളത്തിനായി കിണർ വെള്ളത്തെയാണ് ആശ്രയിക്കുന്നത്. അത് ഫിൽട്ടർ ചെയ്യുന്നതിനുള്ള സംവിധാനം വിദ്യാലയത്തിൽ നിലവിലുണ്ട്.

20. സ്കൂളിൽ ഉച്ചഭക്ഷണം നൽകുന്നുണ്ടോ ഉണ്ടെങ്കിൽ
20(a) ഭക്ഷ്യ പദാർത്ഥങ്ങൾ ഈർപ്പം തട്ടാതെയും എലി പാറ്റ തുടങ്ങിയവ വരാതെയും സൂക്ഷിക്കാൻ സംവിധാനം ഉണ്ടോ?
ഉച്ചഭക്ഷണ പദ്ധതി നിലവിലുണ്ട്. ഉച്ചഭക്ഷണത്തിനുള്ള അരി പ്രത്യേക സ്റ്റോർ റൂമിലാണ് സൂക്ഷിക്കുന്നത്. മറ്റ ധാന്യങ്ങൾ എല്ലാം അതത് ദിവസംവാങ്ങിയാണ് ഉപയോഗിക്കുന്നത്.

20(b) സ്കൂളിൽ നൽകുന്ന പാൽ പാസ്റ്റർ റൈസ് ചെയ്ത പാൽ ആണോ?
കുട്ടികൾക്ക് വിതരണം ചെയ്യുന്ന പാല് പാസ്റ്ററൈസ് ചെയ്തതാണ്.

## സ്കൂൾ ക്യാമ്പസ് പരിസരം

21. സ്കൂൾ ക്യാമ്പസിന് ചുറ്റും വേലി ഉണ്ടോ?
    ചുറ്റു മതിലുകളാൽ സ്കൂൾ കോമ്പൗണ്ട് സുരക്ഷിതമാക്കിയിട്ടുണ്ട്.

22. ക്യാമ്പസിലൂടെ വൈദ്യുതി വയറുകൾ കടന്നു പോകുന്നുണ്ടോ?
    സ്കൂൾ കാമ്പസിലൂടെ വൈദ്യുത വയറുകൾ ഒന്നും കടന്നു പോകുന്നില്ല

23. സ്കൂൾ ക്യാമ്പസിലെ തുറന്ന കിണറുകൾ കുളങ്ങൾ ഉണ്ടെങ്കിൽ സംരക്ഷണഭിത്തികളോ ഇരുമ്പ് ഗ്രില്ലുകളോ ഉണ്ടോ?
    വിദ്യാലയത്തിലെ കിണർ ചുറ്റുമതിൽ ഉള്ളതും അതിനുമുകളിൽ ഗ്രിൽ ഇട്ട് സുരക്ഷിതമാക്കിയിട്ടുള്ളതുമാണ്.

24. കളിസ്ഥലത്ത് വീഴ്ചയ്ക്ക് കാരണമാകുന്ന അപകടങ്ങൾ പാറകൾ വേരുകൾ അല്ലെങ്കിൽ മറ്റു പാരിസ്ഥിതിക തടസ്സങ്ങൾ എന്നിവയിൽ നിന്ന് മുക്തമാണോ?
    വിദ്യാലയത്തിലെ കളിസ്ഥലം പാരിസ്ഥിതിക പ്രശ്നങ്ങളോ അപകടങ്ങളും ഇല്ലാത്തവണ്ണം സുരക്ഷിതമാക്കിയിട്ടുണ്ട്.

25. സ്കൂൾ ഏതെങ്കിലും റെയിൽവേ ട്രാഫിന് അടുത്താണോ സ്ഥിതി ചെയ്യുന്നത്?
    സ്കൂൾ നിലനിൽക്കുന്ന സ്ഥലം റെയിൽവേ ട്രാക്കുകളോ മറ്റോ ഇല്ലാത്ത പ്രദേശത്താണ്.

26. സ്കൂളിന് ചുറ്റും വേലിക്ക് പുറത്ത് ഉയരമുള്ള മരങ്ങൾ ഉണ്ടോ?
    വിദ്യാലയത്തിന് ചുറ്റും വേലിക്ക് പുറത്തായി നിന്നിരുന്ന അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റിയിട്ടുണ്ട്.

27. സ്കൂൾ സ്ഥിതി ചെയ്യുന്നത് ഒരു ചരിവിലോ താഴ് വരയിലാണോ?
    സ്കൂൾ സമതല പ്രദേശത്താണ് നിലനിൽക്കുന്നത്.

28. ഇപ്പോൾ ഏതെങ്കിലും ജലാശയത്തിന് അടുത്താണോ സ്ഥിതി ചെയ്യുന്നത്?
    സ്കൂൾ പരിസരത്ത് അപകടകരമായ ജലാശയങ്ങൾ യാതൊന്നും തന്നെ ഇല്ല.

29. സ്കൂൾ ഏതെങ്കിലും ഫാക്ടറിയുടെ അടുത്താണോ സ്ഥിതി ചെയ്യുന്നത്?
    സ്കൂളിന് സമീപത്ത് വ്യവസായശാലകൾ ഒന്നും പ്രവർത്തിക്കുന്നില്ല.

30. സ്കൂളുകൾക്ക് ചുറ്റും പാമ്പുകൾക്ക് അകത്തേക്ക് പ്രവേശിക്കാൻ കഴിയുന്ന കുറ്റിക്കാടുകൾ ഉണ്ടോ?
    വിദ്യാലയത്തിന് ചുറ്റുമുള്ള കുറ്റിക്കാടുകൾ യഥാസമയം വെട്ടി ഒതുക്കി വൃത്തിയായി പരിപാലിക്കുന്നുണ്ട്.

31. സ്കൂളിന് സമീപം വനം ഉണ്ടോ വഞ്ഞു മുഖങ്ങൾക്ക് സ്കൂൾ പരിസരത്ത് പ്രവേശിക്കാൻ കഴിയുന്നുണ്ടോ?
സ്കൂൾ സ്ഥിതി ചെയ്യുന്നത് വനമേഖലയിലോ വന്യമൃഗങ്ങൾക്ക് പ്രവേശിക്കുവാൻ സാധിക്കുന്ന പ്രദേശത്തോ അല്ല.

32. സ്കൂൾ നായ്ക്കളും മറ്റ് വളർത്തു മൃഗങ്ങളും പ്രവേശിക്കുന്നതിൽ നിന്ന് സുരക്ഷിതമാണോ
വിദ്യാലയത്തിന് ചുറ്റും മതിലുകളും പ്രവേശന കവാടവും ഉള്ളതിനാൽ മൃഗങ്ങൾ യാതൊരു കാരണവശാലും വിദ്യാലയത്തിലേക്ക് പ്രവേശിക്കുകയില്ല

33. സ്കൂളിന്റെ സമീപപ്രദേശങ്ങളിലെ തെരുവ് നായ ശല്യം ഉണ്ടോ?
വിദ്യാലയത്തിന്റെ സമീപപ്രദേശങ്ങളിൽ തെരുവുനായ്ക്കളെ കാണാറുണ്ട്.

## വാഹനങ്ങൾ

34. വാഹനങ്ങൾ സ്കൂളിൽ എത്തുന്ന വാഹനങ്ങൾക്ക് പാർക്കിംഗ് ഏരിയ ഉണ്ടോ?
ആവശ്യമായ പാർക്കിംഗ് സൗകര്യം ഇല്ല.

35. സ്കൂൾ മെയിൻ റോഡിന് അടുത്താണോ സ്ഥിതി ചെയ്യുന്നത്?
വിദ്യാലയം മെയിൻ റോഡിന് അടുത്താണ് സ്ഥിതി ചെയ്യുന്നത്

36. സ്കൂളിന് സമീപം വേഗപരുതി സൂചിപ്പിക്കുന്ന ഒരു ബോർഡ് ഉണ്ടോ?
വേഗപരിധി ബോർഡ് വിദ്യാലയത്തിന് സമീപം സ്ഥാപിച്ചിട്ടില്ല.

37. സ്കൂളിന്റെ അടുത്ത സ്പീഡ് ബ്രേക്കർ ഉണ്ടോ?
സംസ്ഥാനപാതയായതിനാൽ സ്പീഡ് ബ്രേക്കറുകൾ സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല.

38. അടുത്തുള്ള റോഡിൽ സ്കൂളിന്റെ സാന്നിധ്യം സൂചിപ്പിക്കുന്ന സൈൻബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ?
സ്കൂളിന് അടുത്തുള്ള റോഡുകളിൽ സ്കൂൾ സാന്നിധ്യം സൂചിപ്പിക്കുന്ന സൈൻ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

39. വിദ്യാർത്ഥികൾക്ക് സുരക്ഷിതമായ റോഡ് കടക്കാനും പ്രവേശിക്കാനും സഹായിക്കുന്ന ഒരു സംവിധാനം ഉണ്ടോ?
സീബ്രാ ലൈനുകളും പോലീസ് സഹായവും അധ്യാപകരുടെ മേൽനോട്ടവും കുട്ടികളെ റോഡ് സുരക്ഷിതമായി മുറിച്ചു നടക്കുന്നതിന് സഹായിക്കുന്നതിന് വേണ്ടി നിലവിൽ ഉണ്ട്.

## മുന്നൊരുക്ക നടപടികൾ

40. സ്കൂളിന് ഒരു എമർജൻസി പ്ലാൻ ഉണ്ടോ?
നിലവിലില്ല

41. ദുരന്തം ഉണ്ടാവുമ്പോൾ ഒത്തുചേരേണ്ട അസംബ്ലി പോയിന്റ് വ്യക്തമായി അടയാളപ്പെടുത്തിയിട്ടുണ്ടോ?
വിദ്യാലയത്തിൽ ദുരന്തം ഉണ്ടാകുമ്പോൾ ഒത്തുചേരേണ്ട അസംബ്ലി പോയിൻറ് രേഖപ്പെടുത്തിയിട്ടുണ്ട്.

42. എക്സിറ്റ് റൂട്ട് സൈൻ ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുണ്ടോ?
വിദ്യാലയത്തിൽ എക്സിറ്റ് റൂട്ട് സൈൻ ബോർഡുകൾ പ്രദർശിപ്പിച്ചിട്ടില്ല

43. സ്കൂളിൽ പ്രാദേശിക അടിയന്തര സേവനങ്ങളുടെ കോൺടാക്ട് നമ്പർ ഉണ്ടോ?
വിദ്യാലയത്തിൽ അടിയന്തര സേവനങ്ങളുടെ കോൺടാക്ട് നമ്പറുകൾ സൂക്ഷിച്ചിട്ടുണ്ട്

44. സ്കൂളിൽ അടിയന്തര ആവശ്യങ്ങൾക്ക് ബന്ധപ്പെടാൻ ഫോൺ നമ്പർ ഉണ്ടോ?
അടിയന്തര ആവശ്യങ്ങൾക്ക് കോൺടാക്ട് ചെയ്യാനുള്ള നമ്പറുകളും വിദ്യാലയത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

45. പ്രഥമ ശുശ്രൂഷയിൽ പരിശീല നേടിയ ഏതെങ്കിലും അധ്യാപകൻ ഉണ്ടോ?
പ്രഥമ ശുശ്രൂഷയിൽ പരിശീലനം ലഭിച്ചിട്ടുള്ള അധ്യാപകർ വിദ്യാലയത്തിൽ ഉണ്ട്.

46. സ്കൂളിൽ ദുരന്ത നിവാരണം സംബന്ധിച്ച് അധ്യാപകർ വിദ്യാർഥികൾ രക്ഷിതാക്കൾക്ക് ഏതെങ്കിലും വിധത്തിലുള്ള പരിശീലന പരിപാടി നടത്തിയിട്ടുണ്ടോ?
ദുരന്തനിവാരണവുമായി ബന്ധപ്പെട്ട പരിശീലനം വിദ്യാലയത്തിലെ അധ്യാപകർക്ക് ലഭിച്ചിട്ടുണ്ട്. മോഡിലെ നടത്തിയിട്ടില്ലെങ്കിലും ബോധവൽക്കരണ ക്ലാസുകൾ യഥാസമയം നടത്തുന്നുണ്ട്.

47. പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികളുടെ വിവരങ്ങൾ ഉദാഹരണം ഭിന്നശേഷിക്കാർ ക്ലാസ് ,എണ്ണം എന്നിവ
അഞ്ചു മുതൽ 10 വരെയുള്ള ക്ലാസുകളിൽ ആയി പ്രത്യേക ശ്രദ്ധ ആവശ്യമുള്ള മൂന്ന് കുട്ടികൾ പഠനം നടത്തിവരുന്നു

## ഹ്രസ്വകാല പ്രവർത്തനങ്ങൾ :

സൈൻ ബോർഡുകൾ സ്ഥാപിക്കൽ, എമർജൻസി റൂട്ട് പ്ലാൻ ഉണ്ടാക്കൽ, ഫ്ലോറിവാക്കേഷൻ പ്ലാൻ ഉണ്ടാക്കൽ, അലാം സ്ഥാപിക്കൽ, മോക്ഡ്രിൽ സംഘടിപ്പിക്കൽ എന്നീ ഹ്രസ്വകാല പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഉടൻതന്നെ നടപ്പിൽ വരുത്തുന്നതാണ്.


## ദീർഘകാല പ്രവർത്തനങ്ങൾ:

പുതിയ സ്കൂൾ നിർമ്മാണം പൂർത്തിയാകുന്നതോടെ നിലവിൽ കണ്ടെത്തിയ ന്യൂനതകൾ എല്ലാം പരിഹരിക്കപ്പെടുന്നതാണ്.


## ദുരന്ത സാധ്യത അവലോകനം:

1. പീച്ചി അണക്കെട്ട് തുറന്നു വിട്ടാൽ സ്കൂളിന് സമീപപ്രദേശങ്ങളിൽ വെള്ളക്കെട്ടിന് സാധ്യതയുണ്ട്. അത് പല വിദ്യാർത്ഥികളെയും ബാധിക്കാൻ സാധ്യതയുണ്ട്.
2. വിദ്യാലയം സ്ഥിതി ചെയ്യുന്നത് മെയിൻ റോഡിനോട് ചേർന്നായതിനാൽ അപകടങ്ങൾക്ക് സാധ്യതയുണ്ട്.
3. വിദ്യാലയത്തിന്റെ മേൽക്കൂര ടിൻ ഷീറ്റ് കൊണ്ട് ഉള്ളതായതിനാൽ ശക്തമായ കാറ്റിൽ അപകടങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്.
4. ഇടുങ്ങിയ പ്രവേശന കവാടം ആയതിനാൽ അപകട സാധ്യത വർദ്ധിക്കുന്നു.


# ST.AUGUSTINE HSS KUTTANELLUR



# HS ASSEMBLE POINT



# UP ASSEMBLE POINT



# അടിയന്തിരസാഹചര്യത്തിൽ ബന്ധപ്പെടേണ്ട നമ്പറുകൾ

1. ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷൻ: Ollur, 0487-2459420

2. ഏറ്റവും അടുത്തുള്ള ഫയർ സ്റ്റേഷൻ: Thrissur Fire& Rescue Station, 0487-2423650

3. ഏറ്റവും അടുത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രം : OllurHealthCentre 0487-2356052

4. ജില്ല ദുരന്ത നിവാരണ അതോറിറ്റി :District control room-0487-2362424 9447074424

5. ഏറ്റവും അടുത്തുള്ള ആന്റിവെനം ലഭ്യമാകുന്ന ആശുപത്രി :
   Jubilee Mission Medical college 0487-2331443,
   Atreya hospital-0487662776

6. ഏറ്റവും അടുത്തുള്ള റാബിസ് വാക്സിൻ ലഭ്യമാകുന്ന ആശുപത്രി:

   Thrissur general hospital 04872427383,

   Thrissur District Co-operative Hospital, 0487-2335550

# IN THE CASE OF FIRE










# IN THE CASE OF NATUARAL DISASTERS






## Supported by

Kerala State Disaster Management Authority

Vikas Bhavan, P.O, Observatory Hills, opposite
Kanakakkunnu Palace, Nanthancodu, Thiruvananthapuram,
Kerala 695033

Directorate of General Education
District Disaster Management Authority

## Prepared by

School Disaster Management Committee

&

## Little Kites